മാതൃഭാഷാ നയം

4 (6969) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃഭാഷാപഠനകാര്യത്തിൽ സുപ്രീം കോടതി വിധിമൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) വിധിയുടെ പശ്ചാത്തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സമഗ്രഭാഷാപഠനകാര്യത്തിൽ നയരൂപീകരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഭാഷാപഠനം സംബന്ധിച്ച് സുപ്രീം കോടതി വിധിയുടെ റിക്കാർഡ് ലഭിച്ചിട്ടില്ലാത്തതിനാൽ പരിശോധിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

മലയാളം മീഡിയം പഠിക്കുന്നവർക്ക് പ്രോത്സാഹനം

5 (6970) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) മലയാളം മീഡിയം പഠിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly